ഉത്തരം

(എ) ബഹുമുഖ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കുപ്പാടിത്തറ, പടിഞ്ഞാറേത്തറ വില്ലേജുകളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികളെല്ലാം പൂർത്തിയായിട്ടുണ്ട്.

(ബി) പദ്ധതി പൂർത്തീകരിച്ച് പരീക്ഷണാടിസ്ഥാനത്തിൽ പമ്പിംഗ് നടത്തി കൊണ്ടിരിക്കുകയാണ്.

(സി) പണി പൂർത്തീകരിച്ചിട്ടുണ്ട്.

നഗരപ്രദേശങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനം

127 (1563) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര പ്രദേശങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) വിദേശ രാജ്യങ്ങളിലെ വിവിധ വൻ നഗരങ്ങളിലെ ശാസ്ത്രീയവും വികേന്ദ്രീകൃതവുമായ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് സമാനമായ പദ്ധതികൾ കാലതാമസം കൂടാതെ ഇവിടെ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ഉത്തരം

(എ) മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്ത് തന്നെ നിർമ്മാർജ്ജനം ചെയ്യുന്നതിലേക്കായി ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് കൂടുതൽ പ്രാധാന്യം നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കി വരുന്നു. ആയതിന്റെ നിർവ്വഹണത്തിലേക്കായി ഉയർന്നതോതിൽ സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. കൂടാതെ പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലില്ലാത്ത നഗരസഭകളിൽ അവ സ്ഥാപിക്കുന്നതിനും പ്ലാന്റുകളുള്ള നഗരസഭകളിൽ ആയവ കൂറ്റമറ്റതാക്കി ആധുനിക രീതിയിലാക്കുന്നതിനും 100% സാമ്പത്തിക സഹായം നൽകി വരുന്നു. മാലിന്യം ഉറവിടത്തിൽതന്നെ തരംതിരിക്കാനും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനും നടപടി എടുക്കുന്നതിന് സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള വ്യാപകമായ പ്രചരണ പരിപാടികളാണിപ്പോൾ നടത്തി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) യൂറോപ്യൻ യൂണിയനും ബ്രിട്ടനും നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണ പദ്ധതികളും യൂറോപ്യൻ യൂണിയനും ജർമ്മനി പോലുള്ള രാജ്യങ്ങളും നടപ്പിലാക്കിവരുന്ന അജൈവമാലിന്യങ്ങളുടെ പുനഃചംക്രമണ പദ്ധതിയും ഇവിടെ നടപ്പിലാക്കാൻ നടപടി എടുത്തിട്ടുണ്ട്.

കേരള റിയൽ എസ്റ്റേറ്റ് (റഗുലേഷൻ & ഡെവലപ്മെന്റ്) നിയമം

128 (1564) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റിയൽ എസ്റ്റേറ്റ് (റഗുലേഷൻ &ഡവലപ്മെന്റ്) നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ഇതിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള റിയൽ എസ്റ്റേറ്റ് (റഗുലേഷൻ&ഡവലപ്മെന്റ്) ബിൽ നിയമമായിട്ടില്ല. സമീപകാലത്ത് ഫ്ലാറ്റ് നിർമ്മാണ രംഗത്ത് ഉടലെടുത്ത വിവാദങ്ങളുടെ അടിസ്ഥാനത്തിൽ നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും ഈ രംഗത്തെ തട്ടിപ്പും വെട്ടിപ്പും നിയന്ത്രിക്കുന്നതിനും ഉപഭോക്താക്കളുടെ താത്പര്യം സംരക്ഷിക്കുന്നതിനും ഉടമ്പടിയിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നതിനും ധനവിനിയോഗം നിയന്ത്രിക്കുന്നതിനുമായി ഒരു സ്റ്റേറ്റ് റിയൽ എസ്റ്റേറ്റ് അതോറിറ്റിക്ക് രൂപം കൊടുക്കുന്ന കാര്യം പരിഗണനയിലുള്ളതായി ബഹു. മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. ക്വാസി ജുഡീഷ്യൽ അധികാരത്തോടു കൂടിയുള്ളതും കക്ഷികളും കെട്ടിട നിർമ്മാതാക്കളും തമ്മിലുള്ള തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കുവാൻ പര്യാപ്തവുമായ അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ.

കേരള സുസ്ഥിര നഗരവികസന പദ്ധതി

129 (1565) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-2015 സാമ്പത്തിക വർഷം കേരള സുസ്ഥിര നഗരവികസന പദ്ധതി മുഖേന കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി വിവിധ നഗരസഭകളുടെ ഏതെല്ലാം ശുദ്ധജല വിതരണ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകളാണ് സമർപ്പിച്ചത് ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് ഇതിനോടകം അംഗീകാരം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ബാക്കിയുള്ള പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly